**ഫെഡറല് റിപ്പബ്ലിക് ഓഫ് ജര്മനിയുടെ പ്രസിഡണ്ട് ഔദ്യോഗിക സന്ദര്ശനത്തിനായി ഇന്ത്യയില് എത്തുന്നു. (ഫെബ്രുവരി 4–9, 2014)**

ജനുവരി 31, 2014

ഫെഡറല് റിപ്പബ്ലിക് ഓഫ് ജര്മനിയുടെ പ്രസിഡണ്ട് ആദരണീയനായ ശ്രീ ജോവാകിം ഗോക് ഔദ്യോഗിക സന്ദര്ശനത്തിനായി ഇന്ത്യയില് എത്തുന്നു. ഫെബ്രുവരി നാലു മുതല് ഒന്പത് വരെയാണ് (ഫെബ്രുവരി 04-09, 2014) സന്ദര്ശനം. രാഷ്ട്രപതി ആദരണീയനായ ശ്രീ പ്രണബ് മുഖര്ജിയുടെ ക്ഷണം സ്വീകരിച്ചാണ് പ്രസിഡണ്ട് ജോവാകിം ഗോക് ഇന്ത്യ സന്ദര്ശിക്കുന്നത് . അദ്ദേഹത്തോടൊപ്പം മന്ത്രിമാര് , പാര്ലമെന്റ് അംഗങ്ങള് , വ്യാപാര നേതാക്കള് എന്നിവര് അടങ്ങുന്ന ഒരു ഉന്നതതല പ്രതിനിധി സംഘവും ഉണ്ടാകും

പ്രസിഡണ്ട് ജോവാകിം ഗോക് ന്യൂഡെല്ഹിയില് ഫെബ്രുവരി നാലിന് (ഫെബ്രുവരി 04, 2014,) വൈകിട്ടു എത്തും. ഫെബ്രുവരി അഞ്ചിന് (ഫെബ്രുവരി 05, 2014) രാഷ്ട്രപതി ഭവനില് നടക്കുന്ന ഗാര്ഡ് ഓഫ് ഓണര് അദ്ദേഹം പരിശോധിക്കും. അത് കഴിഞ്ഞു അദ്ദേഹം രാജ്ഘട്ട് സന്ദര്ശിച്ച് രാഷ്ട്രപിതാവിന് ആദരാഞ്ജലികള് അര്പ്പിക്കും. ജര്മനിയുടെ പ്രസിഡണ്ട് ഇന്ത്യയുടെ രാഷ്ട്രപതി ആദരണീയനായ ശ്രീ പ്രണബ് മുഖര്ജിയുമായും പ്രധാനമന്ത്രി മന്മോഹന് സിംഗുമായും കൂടിക്കാഴ്ച നടത്തും. ഉപരാഷ്ട്രപതി , പ്രതിപക്ഷ നേതാവ് യുപിഎ അധ്യക്ഷ എന്നിവരും പ്രസിഡണ്ടുമായി കൂടിക്കാഴ്ചകള് നടത്തും.
പ്രസിഡണ്ട് ഫെബ്രുവരി ഏഴു മുതല് ഒന്പതു വരെ (ഫെബ്രുവരി 07 - 09,2014) കര്ണാടക സന്ദര്ശിക്കും. മറ്റ് കാര്യങ്ങള്ക്കൊപ്പം അദ്ദേഹം കര്ണാടക ഗവര്ണറുമായി ചര്ച്ച നടത്തും

ഇന്ത്യയും ജര്‍മനിയും തമ്മിലുള്ള ബന്ധങ്ങള്‍ പരമ്പരാഗതമായി തന്നെ വളരെ ഊഷ്മളവും അടുപ്പമുള്ളതും ആണ് . ഇന്ത്യയും ജര്‍മനിയും രണ്ടായിരം മുതലേ തന്ത്രപ്രധാന പങ്കാളികള്‍ ആണ് രണ്ടായിരത്തി പതിനൊന്നില്‍ തുടങ്ങിയ ഗവന്‍മെന്‍റുകള്‍ തമ്മിലുള്ള ചര്‍ച്ചകളോടെ നിരന്തരമായ ഗവണ്‍മെന്‍റ് തലത്തില്‍ തലവന്‍മാരുടെ ഉന്നതതല വിനിമയങ്ങളിലൂടെ തന്ത്രപ്രധാന മേഖലകള്‍ , വളരുന്ന സാമ്പത്തിക വ്യാവസായിക ബന്ധങ്ങള്‍ , വിദ്യാഭ്യാസരംഗത്തുണ്ടാകുന്ന വര്‍ദ്ധിച്ച ഇടപെടലുകള്‍ , ശാസ്ത്ര സാങ്കേതികവിദ്യ , സംസ്ക്കാരം , ജനങ്ങള്‍ തമ്മിലുള്ള ബന്ധങ്ങള്‍ എന്നിവയ്ക്കൊപ്പം ഉഭയകക്ഷി സഹകരണത്തിലെ എല്ലാ മേഖലകളിലും ഗണ്യമായ പുരോഗതി ഉണ്ടായിട്ടുണ്ട്.  ഇന്ത്യയുടെ യൂറോപ്പിലെ ഏറ്റവും വലിയ വ്യാപാര പങ്കാളിയായ ജര്‍മനി അത് തുടരുന്നു . അന്താരാഷ്ട്ര രംഗത്തും ഇന്ത്യയും ജര്‍മനിയും വളരെ അടുത്തു ബന്ധമാണ് പുലര്‍ത്തുന്നത് .

ന്യൂ ഡെല്‍ഹി
ജനുവരി 31, 2014